**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

11.02.2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.1102

## സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) 2014 ൽ പ്രവർത്തനം ആരംഭിച്ച കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി, വെസ്റ്റ് ഹിൽ യു.പി. സ്കൂളിലാണ് പ്രവർത്തിക്കുന്നത്. അനാദായകരമായ സ്കൂളുകളുടെ ശ്രേണിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത സ്കൂളിലെ ഭൌതിക സാഹചര്യങ്ങൾ പരമാവധി ഉപയോഗിച്ചാണ് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം. സ്കൂൾ പരിധിയിലുള്ള റവന്യൂ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവെങ്കിലും തദ്ദേശീയമായി നിലനിൽക്കുന്ന ശക്തമായ എതിർപ്പിനെ തുടർന്ന് കെട്ടിട നിർമ്മാണം ടി ഭൂമിയിൽ അസാദ്ധ്യമായിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത സ്കൂളിലെ കെട്ടിടം ഉപയോഗപ്രദമാകുന്നതനുസരിച്ച് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കെട്ടിട നിർമ്മാണത്തിന് എന്ത് തുകയാണ് ഇതുവരെ വകയിരുത്തിയത് ; ഇതിനാവശ്യമായ തുക എവിടെ നിന്നെല്ലാമാണ് ലഭിച്ചതെന്ന് വിശദമാക്കുമോ? | (ബി) കെട്ടിട നിർമ്മാണത്തിനായി 2010-11 ലെ പ്ലാൻ ഫണ്ടിൽ 25 ലക്ഷം രൂപയും 11-12 ലെ പ്ലാൻ ഫണ്ടിൽ 31 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ